**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 601** — **29.11.2018 - ൽ മറുപടിക്ക്.**

## നെടുമങ്ങാട് വ്യവസായ സ്ഥാപനം തുടങ്ങാൻ പഠനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ | **ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
| (എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഒരു വ്യവസായ സ്ഥാപനം തുടങ്ങുന്നതിനുള്ള സാധ്യതാ പഠനം നടത്തി, വ്യവസായ വാണിജ്യ ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ ? | (എ) : നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ വ്യവസായം തുടങ്ങുന്നതിനുള്ള സാധ്യതാ പഠനം സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ വിശദമായ റിപ്പോർട്ട് തയ്യാറാക്കി വ്യവസായ വാണിജ്യ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ റബ്ബർ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു ഫാക്ടറി തുടങ്ങുന്നതിനും അതിന്റെ ഉത്പന്നങ്ങൾ വിവിധ മേഖലകളിൽ ഉപയോഗിക്കുന്നതിനുമാണ് വിഭാവനം ചെയ്യുന്നത്. ഈ പ്രദേശത്ത് ഉത്പാദിക്കപ്പെടുന്ന ലാറ്റക്സ് റബ്ബർ ശേഖരിച്ച് ആരോഗ്യ മേഖലയിലും മറ്റും ഉപയോഗിക്കുന്ന മെഡിക്കൽ ഗ്ലൗസുകൾ, റബ്ബർ ടഫ്റ്റ്സ് മാറ്റുകൾ, കത്തീറ്ററുകൾ മറ്റ് മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉത്പാദിപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.

ജ/22/11